## പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2662 — 17.06.2019 ൽ മറുപടിയ്ക്ക്

**കാട്ടാനശല്യം നിയന്ത്രിക്കുവാൻ നടപടി**

| | ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ വനാതിർത്തി പങ്കിടുന്ന മേഖലകളിലെ ചില പ്രദേശങ്ങളിൽ കാട്ടാനശല്യം മൂലം ജനജീവിതം ദുസ്സഹമാകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാട്ടാനശല്യം നിയന്ത്രിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാനകൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നത് തടയുന്നതിനും മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും വനം വകുപ്പ് വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.<br>• പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാര പഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.<br>• പ്രശ്നബാധിത മേഖലകളിൽ ആനകളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശ വാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ<br>• കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ കാട്ടിലേക്ക് തിരിച്ച് അയയ്ക്കുന്നതിന് കുങ്കി ആനകളുടെ സേവനം ഉപയോഗിച്ചു വരുന്നു. കൂടാതെ, പ്രശ്നബാധിത മേഖലകളിൽ കുങ്കി ആനകളുടെ പട്രോളിംഗ് സംവിധാനം.<br>• വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, റെയിൽ ഫെൻസിംഗ്, ക്രാഷ്ഗാർഡ് റോപ് ഫെൻസിങ് എന്നിവയുടെ നിർമ്മാണം.<br>• വനത്തിനു പുറത്തേയ്ക്ക് വരുന്ന ആനകളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ.<br>• വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ. |

സെക്ഷൻ ഓഫീസർ.